# പതിമൂന്നാം കേരളനിയമസഭ
# എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** — **20/03/2013 ൽ മറുപടിക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

**ചോദ്യം**

ശ്രീ. സാജു പോൾ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. എ. എം. ആരിഫ്
ശ്രീ. റ്റി. വി. രാജേഷ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു വാങ്ങുമ്പോൾ മരുന്നു കമ്പനികൾ ഗുണനിലവാരം തെളിയിക്കാനായി അനലിറ്റിക്കൽ ലബോറട്ടറിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന നിലവിലുണ്ടോ ; ഇല്ലെങ്കിൽ നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത് ; | (എ) & (ബി) | ഉണ്ട്. മരുന്ന് കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന, കോർപ്പറേഷന്റെ തിരഞ്ഞെടുത്തിട്ടുള്ള ലാബുകളിൽ അയച്ച് പരിശോധിച്ച് നിശ്ചിത ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പു വരുത്താറുണ്ട്. എക്സ്റേ ഐറ്റംസ്, കോൾഡ് സ്റ്റോറേജ് ഐറ്റംസ്, നർക്കോട്ടിക്സ് വിഭാഗത്തിൽപ്പെട്ട മരുന്നുകൾ എന്നിവ ഒഴികെ എല്ലാ മരുന്നുകളും നിശ്ചിത ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യം മനസ്സിലാക്കി ഉത്പാദകരുടെ ഗുണനിലവാര പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ആശുപത്രികൾക്ക് മരുന്ന് വിതരണം ചെയ്യാറുണ്ട്. |
| (ബി) | കോർപ്പറേഷൻ മരുന്നുകൾ ലബോറട്ടറികളിൽ അയച്ച പരിശോധന നടത്തിയ ശേഷമാണോ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത് ; | | |
| (സി) | കോർപ്പറേഷൻ വഴി വിതരണം ചെയ്ത മരുന്നുകളിൽ 18 ശതമാനത്തിലധികം ഗുണനിലവാരമില്ലാതായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) & (ഡി) | കോർപ്പറേഷന്റെ ഗുണനിലവാര പരിശോധനയിൽ ഇതുവരെ 18 ശതമാനമോ അതിലധികമോ മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടില്ല. കോർപ്പറേഷന്റെ തെരഞ്ഞെടുത്തിട്ടുള്ള |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | | ലാബുകളിലയച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് മരുന്നുകൾ ആശുപത്രികൾ മുഖേന വിതരണം ചെയ്തു വരുന്നത്. ഈ മരുന്നുകൾ ഏതെങ്കിലും നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായാൽ പ്രസ്തുത മരുന്നിനെ കോർപ്പറേഷന്റെ കരിമ്പട്ടികയിൽപ്പെടുത്തി, തുടർന്നുള്ള മൂന്നു വർഷങ്ങളിൽ ഇവയെ കോർപ്പറേഷന്റെ ടെൻഡറിൽ പരിഗണിക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ